| | |
|---|---|
| പതിമൂന്നാം കേരള നിയമസഭ | |
| പന്ത്രണ്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2969 | 11.12.2014-ൽ മറുപടിക്ക് |
| **മലപ്പുറം ഹയർ സെക്കന്ററി റീജ്യണൽ ഡയറക്ടർ ഓഫീസിന് ഔദ്യോഗിക വാഹനം** | |
| ചോദ്യം | ഉത്തരം |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലപ്പുറം ഹയർ സെക്കന്ററി റീജ്യണൽ ഡയറക്ടർ ഓഫീസിന് ഔദ്യോഗിക വാഹനം അനുവദിക്കണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ഔദ്യോഗിക വാഹനം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; | (ബി) & (സി) | നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് ചെലവുകൾ നിയന്ത്രിക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുമായി ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം മലപ്പുറം ഹയർ സെക്കന്ററി റീജ്യണൽ ഓഫീസിന് ഔദ്യോഗിക വാഹനം വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ സർക്കാർ അംഗീകൃത നിരക്കിൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാൻ മലപ്പുറം ഹയർ സെക്കന്ററി റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള മലപ്പുറം ജില്ലയും, സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് ജില്ലയും അധികാര പരിധിയുള്ള മലപ്പുറം റീജ്യണൽ ഡയറക്ടർക്ക് വാഹനം അനുവദിക്കേണ്ട ആവശ്യകത പരിഗണിച്ച് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ